**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 325 28-06-2011-ൽ മറുപടിക്ക്**

**ചട്ട വിരുദ്ധമായ കെട്ടിട നിർമ്മാണം വിലയിരുത്താൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്.ജയലാൽ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണത്തിന് നിലവിലുള്ള ചട്ടങ്ങളിൽ ഏതൊക്കെ വിഭാഗത്തിനാണ് ഇളവ് നൽകിയിട്ടുള്ളതെന്നും അത് എന്തൊക്കെയാണെന്നും അറിയിക്കുമോ; | (എ) 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ ചില ഓപ്പറേഷണൽ കൺസ്ട്രക്ഷനുകളെ പ്രസ്തുത ചട്ടങ്ങളുടെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ചട്ടം 10-ൽ പ്രതിപാദിച്ചിരിക്കുന്ന പതിനാലു നിർമ്മാണ പ്രവൃത്തികൾക്ക് പെർമിറ്റ് ആവശ്യമില്ല എന്നും നിഷ്കർഷിക്കുന്നുണ്ട്.<br>പഞ്ചായത്ത്രാജ് ആക്ടിലെ 235 - P വകുപ്പിൽ പ്രതിപാദിക്കുന്ന റോഡുകൾക്കരികിലല്ലാത്ത കുടിലുകൾ, കാറ്റഗറി II- ൽ പെടുന്ന വില്ലേജ് പഞ്ചായത്തുകളിലെ ചില നിർമ്മാണങ്ങൾ എന്നിവയ്ക്ക് പെർമിറ്റ് ആവശ്യമില്ല. എങ്കിലും, അദ്ധ്യായം XXI- ൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ അവ പാലിച്ചിരിക്കേണ്ടതായുണ്ട്. കാറ്റഗറി II- വില്ലേജ് പഞ്ചായത്തുകളിൽപ്പെടുന്ന 300 ചതുരശ്ര മീറ്റർ വരെ ആകെ വിസ്തൃതിയും, 2 നിലവരെയുള്ളതുമായ ഗ്രൂപ്പ് A1 -റെസിഡൻഷ്യൽ കെട്ടിടങ്ങളും, ഏക കുടുംബവാസഗൃഹങ്ങളും, കൂടാതെ 150 ചതുരശ്ര മീറ്റർ വരെ വിസ്തൃതിയും 2 നിലവരെയുള്ളതുമായ ഗ്രൂപ്പ് A2-ലോഡ്ജിംഗ് ഹൗസ് ഗ്രൂപ്പ് F- കൊമേഴ്സ്യൽ/മെർക്കന്റൈൽ വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങൾ, പൗൾട്രി ഫാമുകൾ, ലൈവ്സ്റ്റോക്ക് ഫാമുകൾ, പരമ്പരാഗതമായ വർക്കുകൾ, ഹാൻഡ്ലൂം യൂണിറ്റുകൾ, കയർപിരി സംസ്കരണ യൂണിറ്റുകൾ കുമ്മായച്ചൂളകൾ (Limekilns) കാർപ്പെന്ററി/സ്മിത്തി യൂണിറ്റുകൾ എന്നീ കെട്ടിടങ്ങൾക്കുമാണ് പ്രസ്തുത നിബന്ധനകൾ ബാധകം. പെർമിറ്റ് ആവശ്യമില്ലായെങ്കിലും, നിർദ്ദിഷ്ട ഫോറത്തിൽ പണിയാരംഭിക്കുന്നതിനു മുമ്പ് പഞ്ചായത്ത് സെക്രട്ടറിക്ക് വിശദാംശങ്ങൾ സമർപ്പിക്കേണ്ടതുണ്ട്. ചട്ടം |

26 പ്രകാരം പ്ലോട്ടിനുണ്ടായിരിക്കേണ്ട പൊതു വ്യവസ്ഥകൾ ഇത്തരം നിർമ്മാണങ്ങൾ പാലിക്കുന്നുണ്ട് എന്നും; ദേശീയപാത, സംസ്ഥാന പാത, ജില്ലാ പാതകൾ, പഞ്ചായത്തു നോട്ടിഫൈ ചെയ്ത റോഡുകൾ എന്നിവയുടെ അരികിൽ നിന്നും 3 മീറ്റർ ദൂര പരിധി പാലിക്കുന്നു എന്നും; കെട്ടിടത്തിനു ചുറ്റുമുള്ള തുറസ്സായ സ്ഥലം 90 സെന്റിമീറ്ററിൽ കുറയാതെ ഉണ്ടായിരിക്കണമെന്നും ഇവ ഉറപ്പുവരുത്തേണ്ടതായുണ്ട്. കെട്ടിടത്തിനു ചുറ്റുമുള്ള തുറസ്സായ സ്ഥലം നിബന്ധനകളോടെ കുറയ്ക്കാമെന്നും ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഡിഫൻസ് എസ്റ്റാബ്ലിഷ്മെന്റ് പ്രോപ്പർട്ടികളിൽ നിന്നും 100 മീറ്ററും, റെയിൽവേ ബൗണ്ടറിയിൽ നിന്നും 30 മീറ്ററും, ദൂരപരിധികളുള്ളിലും, സെക്യൂരിറ്റി സോണിലും നിർദ്ദിഷ്ട നിർമ്മാണം ഉൾപ്പെടുന്ന പക്ഷം ചട്ടപ്രകാരമുള്ള ക്ലിയറൻസ് ലഭിച്ചശേഷമേ ആയതു പ്രകാരം നിർമ്മാണ പ്രവൃത്തികൾ നടത്താനാവൂ എന്നു വ്യക്തമാക്കുന്നുണ്ട്.

കൂടാതെ 125 ചതുരശ്രമീറ്റർ (3 സെന്റ്) വരെ വിസ്തൃതിയുള്ള പ്ലോട്ടിലെ ഗാർഹിക-വാണിജ്യ ഉപയോഗത്തിനുള്ള നിർമ്മാണങ്ങൾ, റോ ബിൽഡിംഗുകൾ, സാമ്പത്തിക അവശവിഭാഗങ്ങൾക്കുള്ള സ്കീമുകളിലെ കെട്ടിട നിർമ്മാണങ്ങൾ, റോഡു വികസനത്തിനായി സ്ഥലം സൗജന്യമായി നൽകിയ ശേഷമുള്ള ഭൂമിയിലെ നിർമ്മാണം, ട്രൈബൽ ഏരിയയായി നോട്ടിഫൈ ചെയ്ത പ്രദേശത്തെ നിർമ്മാണങ്ങൾ തുടങ്ങിയവയ്ക്കും ലഘൂകൃത വ്യവസ്ഥകൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്.

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ചിട്ടുള്ള നിരവധി കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ട്.

(സി) എങ്കിൽ ഇത്തരത്തിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നിർമ്മാണം പ്രത്യേകമായി വിലയിരുത്തി അവർക്ക് നമ്പരിട്ടു നൽകുവാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

(സി) നിയമത്തിലെ വ്യവസ്ഥകൾ വ്യതിചലിക്കാതെ, എന്നാൽ പ്ലാൻ അംഗീകാരം വാങ്ങാതെയോ, അംഗീകൃത പ്ലാനിൽ നിന്ന് വ്യതിചലിച്ചോ നിർമ്മാണം നടത്തിയിട്ടുള്ള പക്ഷം ആയതു ക്രമവത്കരിക്കാൻ അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം 143-ലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം 134-ലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ